2024 ആഗസ്റ്റ് 19 ന് 12.00 PM മണിക്ക് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേമ്പറിൽ ചേർന്ന കില എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ്.

എക്സിക്യൂട്ടിവ് കമ്മിറ്റി ചെയർപേഴ്സണും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായ ഡോ. ഷർമിള മേരി ജോസഫ് ഐ.എ.എസ് അധ്യക്ഷത വഹിച്ചു.

ഹാജർ (യോഗത്തിൽ പങ്കെടുത്തവർ)

1. ശ്രീ. അജയകുമാർ കെ.എസ്
   അഡീഷണൽ സെക്രട്ടറി
   ധനകാര്യ വകുപ്പ്
2. ശ്രീ. സുബോധ്. എസ്
   ജോയിന്റ് ഡയറക്ടർ
   തദ്ദേശസ്വയം ഭരണ വകുപ്പ്
3. ശ്രീ. നിസാമുദീൻ. എ ഐ.എ.എസ്
   ഡയറക്ടർ ജനറൽ,
   കില

തീരുമാനങ്ങൾ

ഐറ്റം നമ്പർ – 01 2024 ഫെബ്രുവരി 29 ന് രാവിലെ 11.00 മണിക്ക് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ വീഡിയോ കോൺഫറൻസ് മുഖാന്തരം ചേർന്ന കിലയുടെ ഇരുപത്തിയാറാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിക്കുന്നത് സംബന്ധിച്ച് **തീരുമാനം :** **അംഗീകരിച്ചു**
ഐറ്റം നമ്പർ – 02 മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങളിലെടുത്ത നടപടി റിപ്പോർട്ട് **തീരുമാനം :** **29.02.2024, 30.11.2023, 13.04.2023 02.02.2023 തീയതികളിലെ എക്സിക്യൂട്ടീവ് കമ്മിറ്റികളുടെ തീരുമാനങ്ങളിൽ കൈക്കൊണ്ട നടപടികൾ കമ്മിറ്റി വിലയിരുത്തി തൃപ്തി രേഖപ്പെടുത്തി.**

30.11.2023 ലെ ഐറ്റം നമ്പർ 06 ലെ തീരുമാനപ്രകാരം അപേക്ഷകളുടെ പ്രാഥമിക പരിശോധന നടത്തുന്നതിനായി 16/02/2024 തീയതിയിൽ ഡയറക്ടർ ജനറൽ ഉത്തരവായ നടപടിക്രമത്തിലെ രണ്ട് അംഗങ്ങൾ വിരമിച്ചതിനാൽ പുതിയ അംഗങ്ങളെ ഉൾപ്പെടുത്തി സമിതി പുനഃസംഘടിപ്പിച്ച് പ്രാഥമിക പരിശോധന സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

ഐറ്റം നമ്പർ - 03

കിലയുടെ 2023-24 സാമ്പത്തിക വർഷത്തിലെ ധനകാര്യ സ്റ്റേറ്റ്മെന്റ് (ഓഡിറ്റ് റിപ്പോർട്ട്) അംഗീകരിക്കുന്നത് സംബന്ധിച്ച്

തീരുമാനം :

Department of Customs and Excise and Service Tax Banglore ലുള്ള Appellate Tribunal മുമ്പാകെ സമർപ്പിച്ച അപ്പീലിൽ ഹിയറിംഗ് നടത്തി അനുകൂല വിധി നേടിയെടുക്കുന്നതിന് വേണ്ട വിവരങ്ങളും രേഖകളും നൽകുന്നതിനും കൃത്യമായ follow up ചെയ്യുന്നതിനും തീരുമാനിച്ചു.

സംസ്ഥാന സർക്കാരിന്റെ ധനസഹായത്താൽ നടപ്പിലാക്കുന്ന കാര്യശേഷി വികസന പദ്ധതിക്ക് സർവ്വീസ് ടാക്സ് ഒഴിവാക്കുന്നത് പരിഗണിക്കാൻ സാധിക്കില്ല എന്ന കേന്ദ്ര തീരുമാനം പുനഃപരിശോധിക്കുന്നതിന് സംസ്ഥാന സർക്കാരുമായി ആലോചിച്ചു കേന്ദ്ര ധനകാര്യ വകുപ്പിലേക്ക് ഒരു അപേക്ഷ കൂടി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

2018-19 വർഷത്തേക്ക് ബെംഗളൂരുവിലെ CPC സമാഹരിച്ച 379.32 ലക്ഷം രൂപയുടെ തെറ്റായ നികുതി ആവശ്യത്തിനെതിരെ കില ആദായനികുതി വകുപ്പിന് മുമ്പാകെ സമർപ്പിച്ച പരാതി എത്രയും വേഗം പരിഹരിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു

കേന്ദ്ര വനിതാ വികസന മന്ത്രാലയത്തിൽ നിന്നും വനിതാ ഹോസ്റ്റൽ നിർമ്മാണത്തിന് ഫണ്ട് കണ്ടെത്താൻ കഴിയുന്ന സാഹചര്യത്തിൽ കിലയുടെ 2025-26 വർഷത്തെ വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ ആയതിന്റെ സാധ്യത കൂടി പരിശോധിക്കാൻ അധ്യക്ഷ നിർദ്ദേശിച്ചു.

2023-24 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൌണ്ട്സും അംഗീകരിച്ചു

ഐറ്റം നമ്പർ – 04

കില ഹെഡ്ക്വാർട്ടേഴ്സിലെ നിലവിലെ ഭൂമിയോട് ചേർന്നുള്ള ഭൂമി ഏറ്റെടുക്കൽ കേസ്സുകളിന്മേൽ ബഹു. സുപ്രീംകോടതിയിൽ അപ്പീൽ സമർപ്പിച്ചത് സാധൂകരിക്കുന്നത് സംബന്ധിച്ച്

തീരുമാനം :

സാധൂകരിച്ചു

ഐറ്റം നമ്പർ – 05

കിലയിലെ പ്രൊഫസ്സർ-ഡിസെന്റ്രലൈസേഷൻ &ലോക്കൽ ഗവേണൻസ്, ലക്ചറർ – ഐ.ടി, അർബൻ ഫെല്ലോ, ലക്ചറർ – റൂറൽ ഡെവലപ്പ്മെന്റ് എന്നീ തസ്തിക കളിലേക്ക് സ്ഥിര നിയമനം നടത്തുന്നത് സംബന്ധിച്ച്.

തീരുമാനം :

ലഭിച്ച അപേക്ഷകളുടെ പ്രാഥമിക പരിശോധന നടത്തുന്നതിനായി 16/02/2024 തീയതിയിൽ ഡയറക്ടർ ജനറൽ ഉത്തരവായ സമിതി പുനഃസംഘടിപ്പിച്ച് പ്രാഥമിക പരിശോധന പൂർത്തീകരിക്കുന്നതിന് ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

പ്രാഥമിക പരിശോധനയിലൂടെ യോഗ്യരായ അപേക്ഷകരെ കണ്ടെത്തിയ ശേഷം CMD മുഖേനയോ LBS മുഖേനയോ സമാന സ്ഥാപനങ്ങൾ മുഖേനയോ പ്രൊഫസർ തസ്തികക്ക് എഴുത്ത് പരീക്ഷയും മറ്റ് തസ്തികൾക്ക് ഓൺലൈൻ പരീക്ഷയും തുടർന്ന് ഇന്റർവ്യൂയും നടത്തി സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് തീരുമാനിച്ചു

ഐറ്റം നമ്പർ – 06 (KILA CHRD)

2023-24 സാമ്പത്തിക വർഷത്തിൽ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം ലഭ്യമാക്കിയ ആവർത്തനേതര ഗ്രാന്റ് (non-recurring grant) (305 ലക്ഷം രൂപ) ഉപയോഗിച്ച് കില – സി.എച്ച്.ആർ.ഡി ക്യാമ്പസിൽ CPWD മുഖേന ഡൈനിംഗ് കം കിച്ചൻ നിർമ്മാണം നടത്തുന്നതിന് സ്വീകരിച്ച കില ഡയറക്ടർ ജനറലിന്റെ നടപടി സാധൂകരിക്കുന്നത് – സംബന്ധിച്ച്

തീരുമാനം :

സാധൂകരിച്ചു

ഐറ്റം നമ്പർ – 07 (KILA CHRD)

കില സി.എച്ച്.ആർ.ഡിയിലെ പുതിയ വനിത ഹോസ്റ്റൽ നിർമ്മാണത്തിന് വൈദ്യുത കണക്ഷൻ എടുക്കുന്നതിനായി ഇൻസ്റ്റിട്യൂട്ടിൽ നിലവിലുള്ള ട്രാൻസ്ഫോർമറിന്റെ കാര്യക്ഷമത/ഊർജ്ജപരിധി വർദ്ധിപ്പിക്കുന്നതിനായി 5,55,353/- രൂപ വനിത ഹോസ്റ്റൽ നിർമ്മാണത്തിന് വകയിരുത്തിയ (456 ലക്ഷം രൂപ) തുകയിൽ നിന്നും വിനിയോഗിച്ച് കെ.എസ്.ഇ.ബി.എൽ അസിസ്റ്റന്റ് എഞ്ചിനീയർ കൊട്ടാരക്കരയുടെ പേരിൽ ഡിമാനൻഡ് ഡ്രാഫ്റ്റായി തുക അനുവദിച്ച കില ഡയറക്ടർ ജനറലിന്റെ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്

തീരുമാനം :

സാധൂകരിച്ചു

ഐറ്റം നമ്പർ – 08 (KILA CHRD)

കില സി.എച്ച്.ആർ.ഡിയിലെ KILA CHRD കാമ്പസിലെ ഹോസ്റ്റലുകൾ, മെസ്സ് എന്നിവിടങ്ങളിൽ നിന്നുള്ള മലിനജലം ശുദ്ധീകരിച്ച് കാർഷിക വിളകൾക്കും ഗാർഡനിലെ ചെടികൾ നനയ്ക്കുന്നതിനും ഉപയുക്തമാക്കുന്ന രീതിയിൽ ഗ്രേ വാട്ടർ ട്രീറ്റുമെന്റ് പ്ലാന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച്

തീരുമാനം :

KRWSA മുഖേന KILA CHRD കാമ്പസിൽ ഗ്രേ വാട്ടർ ട്രീറ്റുമെന്റ് പ്ലാന്റ് സ്ഥാപിക്കുന്നത് തീരുമാനിച്ചു. 10 വർഷത്തെ O & M കൂടി ഉൾപ്പെടുത്തിയാകണം ടെൻഡർ ക്ഷണിക്കേണ്ടതെന്ന് KRWSA യോട് ആവശ്യപ്പെടുന്നതിനും തീരുമാനിച്ചു. O & M നു വേണ്ടതായ തുക ആവശ്യമായി വരുന്ന പക്ഷം കില വഹിക്കുന്നതിനും തീരുമാനിച്ചു.

ഐറ്റം നമ്പർ – 09 (KILA-KIFFB)

കിഫ്ബി പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി റിപ്പോർട്ട് സംബന്ധിച്ച്

തീരുമാനം :

നിർമ്മാണ പ്രവർത്തികൾ വേഗത്തിലാക്കി സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ

സ്വീകരിക്കുന്നതിന് ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.
ഐറ്റം നമ്പർ – 10 (KILA-KIFFB) കില പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ റീജിണൽ മാനേജർ (ടെക്നിക്കൽ) തസ്തികയിൽ പ്രവർത്തിച്ചു വരുന്ന Chithra U V യുടെ സേവന കാലാവധി ദീർഘിപ്പിച്ചത് സംബന്ധിച്ച് **തീരുമാനം :** **ശ്രദ്ധയിൽപ്പെടുത്തിയത് യോഗം പരിഗണിച്ചു**
ഐറ്റം നമ്പർ – 11 (KILA Tallparamba Centre) കില തളിപ്പറമ്പ് ക്യാമ്പസ്സിലെ ഐ.പി.പി.ൽ കോളേജ് സംബന്ധിച്ച വിഷയങ്ങൾ.
11 A) കില ഐപി പി എൽ കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ – ക്ലാസ് മുറികൾ, ഹോസ്റ്റൽ – അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായുള്ള അനുമതി സംബന്ധിച്ച് **തീരുമാനം :** **കില ഐ.പി.പി.എൽ കോളേജ് ക്ലാസ് മുറികളുടെയും ഹോസ്റ്റലിന്റെയും അത്യാവശ്യ അറ്റകുറ്റപണികൾ നടത്തുന്നതിനാവശ്യമായ ഭരണാനുമതിയും സാങ്കേതിക അനുമതിയും നൽകുന്നതിന് ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി**
11 B) കില തളിപ്പറമ്പ് സെൻററിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി ആൻഡ് ലീഡർഷിപ്പിൽ (ഐ.പി.പി.എൽ) ഫുൾ ടൈം ഫാക്കൽറ്റി കരാർ നിയമനം സംബന്ധിച്ച്. **തീരുമാനം :** **ആദ്യ ബാച്ച് വൈകി ആരംഭിച്ചത് മൂലം ടി ബാച്ചിന്റെ ക്ലാസുകൾ 2024 ഡിസംബർ വരെ നീണ്ടുപോകുന്നതിനാലും പുതിയ ബാച്ചിന്റെ ക്ലാസുകൾ കൂടി ആരംഭിച്ചതിനാലും യു.ജി.സി മാനദണ്ഡങ്ങൾ പ്രകാരം നിലവിൽ 4 ഫാക്കൽറ്റികളുടെ സേവനം വളരെ അത്യാവശ്യമായതിനാൽ 2024 ഡിസംബർ 31 വരെ മാത്രം 4 ഫാക്കൽറ്റികളെ താത്കാലിക അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. കോളേജിലെ എല്ലാ ഫാക്കൽറ്റികളുടെയും പെർഫോമൻസ് വിലയിരുത്തി അക്കാദമിക്ക് മികവ്**

മെച്ചപ്പെടുത്തുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

11 C) കില തളിപ്പറമ്പ് സെൻററിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി ആൻഡ് ലീഡർഷിപ്പിൽ (ഐ.പി.പി.എൽ) 2024-2025 വർഷത്തെ ബിരുദാനന്തര ബിരുദ പ്രവേശനവും ഫീസും സംബന്ധിച്ച്

തീരുമാനം :

2024-25 വർഷം അഡ്മിഷൻ നടപടികൾ ആരംഭിച്ചതിനാലും സെമസ്റ്റർ ഫീസായി ആദ്യ രണ്ട് ബാച്ചുകൾക്ക് അനുവദിച്ചിരുന്ന നിരക്കായ 5000 രൂപ ഈ വർഷവും സ്വീകരിച്ചു പോയതിനാലും ടി നടപടി സാധൂകരിക്കുന്നു.

2025-26 അധ്യായന വർഷം മുതൽ കോളേജ് self-sustaining mode ലേക്ക് മാറുന്ന തരത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

11 D) കില തളിപ്പറമ്പ് ഇൻറർനാഷണൽ സെൻറർ ഫോർ ലീഡർഷിപ്പ് സ്റ്റഡീസിന്റെയും അതിന്റെ ഭാഗമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി ആൻഡ് ലീഡർഷിപ്പിന്റെയും (ഐ.പി.പി.എൽ) പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നത് സംബന്ധിച്ച്

തീരുമാനം :

സ്പെഷ്യൽ ഓഫീസർക്ക് വേണ്ട നിശ്ചിത യോഗ്യതകളും സേവന വേതന വ്യവസ്ഥ കളും അടക്കം വിശദമായ പ്രൊപോസൽ തയ്യാറാക്കി ഗവേണിംഗ് കൗൺസിലിന്റെ അനുമതിയോടെ സർക്കാരിലേക്ക് ശുപാർശ സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

ഐറ്റം നമ്പർ - 12 (കില അഗളി സെൻറർ)

കില അഗളി സെന്ററിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ നടത്തിപ്പിനായി കൂടുതൽ കെട്ടിടങ്ങൾ ഈ വർഷം വിട്ടുനല്കിയത് സംബന്ധിച്ച്

തീരുമാനം :

സ്കൂൾ നടത്തിപ്പിനായി കൂടുതൽ കെട്ടിടങ്ങൾ വിട്ട് നൽകിയ നടപടി സാധൂകരിച്ചു.

കിലയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് സ്ഥലപരിമിതി നേരിടുന്ന

സാഹചര്യത്തിൽ ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളിനായി എത്രയും വേഗം പുതിയ കെട്ടിടം കണ്ടെത്തി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെടുവാൻ തീരുമാനിച്ചു.

കൂടുതലായി അനുവദിച്ചു നൽകിയ ഭൗതിക സൗകര്യങ്ങൾക്ക് നിലവിലുള്ള നിരക്കിൽ തന്നെ വാടക നിശ്ചയിച്ച് ഈടാക്കുന്നതിനായി തീരുമാനിച്ചു.

കിലക്ക് ലഭിക്കേണ്ട വാടക തുക അനുവദിച്ചു നൽകുവാൻ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെടുവാൻ തീരുമാനിച്ചു

ഐറ്റം നമ്പർ – 13

സർക്കാർ അംഗീകരിച്ച കില എച്ച്.ആർ പോളിസിയിലെ വിവിധ തസ്തികകളുടെ ശമ്പള സ്കെയിൽ ഉയർത്തി ഏകീകരിക്കുന്നത് സംബന്ധിച്ച്

തീരുമാനം :

ഗവേണിംഗ് കൗൺസിലിന്റെ അനുമതിയോടെ സർക്കാരിലേക്ക് പ്രൊപോസൽ സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

ഐറ്റം നമ്പർ – 14

കില ഗ്രൂപ്പ് ഹെൽത്ത് ഇൻഷുറൻസ് പദ്ധതി – കോൺട്രിബ്യൂട്ടറി മോഡൽ നടപ്പിലാക്കുന്നത് സംബന്ധിച്ച്

തീരുമാനം :

കില ജീവനക്കാർക്കും കുടുംബാംഗങ്ങൾക്കുമായി ഗ്രൂപ്പ് ഹെൽത്ത് ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നതിനായി RFP യിലൂടെ മികച്ച സ്ഥാപനങ്ങളും പ്രൊപ്പോസലുകളും കണ്ടെത്തി സർക്കാരിലേക്ക് ശുപാർശ സമർപ്പിക്കുവാൻ ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി

ഐറ്റം നമ്പർ – 15

കിലയിലെ റിസേർച്ച് അസോസിയേറ്റ് തസ്തികയിൽ ശ്രീമതി. സുകന്യ. കെ. യുവിന്റെ നിയമനം പെർഫോമൻസ് വിലയിരുത്തി സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച്

തീരുമാനം :

04.01.2021 ലെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിയമനത്തിനായുള്ള നോട്ടിഫിക്കേഷനിൽ 3 വർഷത്തിന് ശേഷം സ്ഥിരപ്പെടുത്തുന്നതിന് പരിഗണിക്കുന്നതാണെന്ന് വ്യക്തമാക്കിയിരുന്നതിനാലും 3 വർഷത്തെ Performance Appraisal പരിശോധിച്ചതിലും നിലവിൽ വന്ന HR പോളിസിയിൽ ടി തസ്തികയിലേക്ക് നേരിട്ടുള്ള നിയമന രീതി ശുപാർശ ചെയ്തിട്ടുള്ളതിനാലും തുല്യ യോഗ്യത ആയതിനാലും കിലയിലെ റിസേർച്ച് അസോസിയേറ്റ് തസ്തികയിൽ ശ്രീമതി. സുകന്യ. കെ. യു വിന്റെ നിയമനം 3 വർഷത്തെ പെർഫോമൻസ് വിലയിരുത്തി ഗവേണിംഗ് കൗൺസിലിന്റെ സാധൂകരണത്തിന് വിധേയമായി സ്ഥിരപ്പെടുത്തുന്നതിന് തീരുമാനിച്ചു.

ഐറ്റം നമ്പർ – 16

അർബൻ ചെയർ പ്രൊഫസർ ഡോ. അജിത് കാളിയത്തിന്റെ അടിസ്ഥാന ശമ്പളം പുനർനിർണയിച്ച് അനുവദിക്കണമെന്ന അപേക്ഷ സംബന്ധിച്ച്

തീരുമാനം :

ഗവേണിംഗ് കൗൺസിലിന്റെ അനുമതിയോടെ സർക്കാരിലേക്ക് ശുപാർശ സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

ഐറ്റം നമ്പർ – 17

കില ഹെഡ്ക്വാർട്ടേഴ്സിൽ താൽക്കാലിക അടിസ്ഥാനത്തിൽ ടെക്നിക്കൽ അസിസ്റ്റന്റായി ജോലി ചെയ്തു വരുന്ന ശ്രീ. അനൂപ് പി.എ യുടെ സ്ഥിര നിയമന ത്തിനായുള്ള അപേക്ഷ സംബന്ധിച്ച്

തീരുമാനം :

നിരസിച്ചു

ഐറ്റം നമ്പർ – 18

കില ഹെഡ്ക്വാർട്ടേഴ്സിൽ താൽക്കാലിക അടിസ്ഥാനത്തിൽ ഐ.ടി കൺസൾട്ടന്റായി പ്രവർത്തിച്ചു വരുന്ന ശ്രീ. അഷ്ഫാഖ് അൻവർ സി.കെയുടെ സ്ഥിര നിയമന ത്തിനായുള്ള അപേക്ഷ സംബന്ധിച്ച്

തീരുമാനം :

നിരസിച്ചു

ഐറ്റം നമ്പർ – 19

കിലയുമായി കൂട്ടിച്ചേർത്ത മുൻ വികസന പരിശീലന കേന്ദ്രം (കില സെന്റർ ഫോർ ഗ്രഡ് ഗവേണൻസ് മണ്ണുത്തി സെന്ററിലെ) ഫാം സൂപ്പർ വൈസർ തസ്തിക പുനർനാമകരണം ചെയ്ത് പബ്ലിക് റിലേഷൻസ് ഓഫീസർ എന്നാക്കി മാറ്റുന്നത് സംബന്ധിച്ച്

തീരുമാനം :

ഗവേണിംഗ് കൗൺസിലിന്റെ അനുമതിയോടെ സർക്കാരിലേക്ക് ശുപാർശ സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

ഐറ്റം നമ്പർ – 20

കിലയിലെ ഔദ്യോഗിക ആവശ്യങ്ങൾ/പരിശീലനാർത്ഥികളെ റെയിൽവെ സ്റ്റേഷൻ/ ബസ് സ്റ്റാൻഡ്/പ്രാദേശിക സന്ദർശനം തുടങ്ങിയ ആവശ്യങ്ങൾക്കായി വാഹനങ്ങൾ വാടകക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച്

തീരുമാനം :

കിലയുടെ ഓരോ സെന്ററിലേക്കും ആവശ്യമുള്ള വാഹനങ്ങൾ വാടകക്ക് ലഭ്യമാക്കുന്നതിന് അതാത് സെന്ററുകൾ മുഖേന മത്സരാടിസ്ഥാന ഇ-ടെൻഡറുകൾ/ടെണ്ടറുകൾ/ക്വട്ടേഷനുകൾ ക്ഷണിക്കുന്നതിനു തീരുമാനിച്ചു. കൂടാതെ ഈ വിഷയത്തിൽ മറ്റ് തുടർനടപടികൾ സ്വീകരിക്കുന്നതിന് ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി

ഐറ്റം നമ്പർ – 21

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജി.ഐ.എസ് അനുബന്ധ മേഖലകളിൽ ജിയോസ്പേഷ്യൽ മാപ്പിംഗ്, റിസോഴ്സ് മാപ്പിംഗ്, കാലാവസ്ഥ വ്യതിയാന കർമ്മപദ്ധതി, എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കില കൺസൾട്ടൻസി സേവനങ്ങൾ നൽകുന്നത് സംബന്ധിച്ച്

തീരുമാനം :

വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി ഗവേണിംഗ് കൗൺസിലിന്റെ ശുപാർശയോടെ സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

ഐറ്റം നമ്പർ – 22

സുസ്ഥിര വികസന സംവിധാനം പ്രാദേശികവത്കരിക്കുന്നതിനായുള്ള ഡാമൻ & ഡ്യൂ ന്റെ അപേക്ഷ സംബന്ധിച്ച്

തീരുമാനം :

ഡാമൻ & ഡ്യൂ ന്റെ അപേക്ഷ കൺസൽട്ടൻസി അടിസ്ഥാനത്തിൽ ഏറ്റെടുക്കുന്നതിനു തീരുമാനിച്ചു. മറ്റ് സംസ്ഥാനങ്ങൾ/കേന്ദ്ര ഭരണ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ നിന്ന് സമാന രീതിയിൽ കൺസൽട്ടൻസി പദ്ധതികൾ കണ്ടെത്തുന്നതിനുള്ള സാധ്യത തേടുന്നതിനും തീരുമാനിച്ചു.

ഐറ്റം നമ്പർ – 23

കില ഹെഡ്ക്വാർട്ടേഴ്സ് ജീവനക്കാർക്ക് സ്റ്റാഫ് വെൽഫെയർ ഫണ്ട് രൂപീകരിക്കുന്നതിനായി കില എംപ്ലോയീസ് യൂണിയൻ (സി.ഐ.ടി.യു) നൽകിയ അപേക്ഷയിൽ തീരുമാനം എടുക്കുന്നത് സംബന്ധിച്ച്

തീരുമാനം :

ഗവേണിംഗ് കൗൺസിലിന്റെ അനുമതിയോടെ സർക്കാരിലേക്ക് ശുപാർശ സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

ഐറ്റം നമ്പർ – 24

ഭരണഘടന സാക്ഷരത – കില–സി.എച്ച്.ആർ.ഡി ആസ്ഥാനമാക്കി ഡോ. ബി. ആർ. അംബേദ്കർ ചെയർ ആരംഭിക്കുന്നതിനുള്ള അനുമതി സംബന്ധിച്ച്

തീരുമാനം :

തീരുമാനം കൈക്കൊള്ളുന്നതിന് ലഭ്യമായ വിവരങ്ങൾ അപര്യാപ്തമായതിനാൽ സാമ്പത്തികവും ഭൗതികവുമായ ആവശ്യങ്ങൾ കൂടി ഉൾപ്പെടുത്തി വിശദമായ പ്രൊപോസൽ തയ്യാറാക്കി അടുത്ത എക്സിക്യൂട്ടീവ് യോഗത്തിൽ സമർപ്പിക്കുവാൻ ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

ഐറ്റം നമ്പർ – 25

അദ്ധ്യക്ഷ അനുവദിക്കുന്ന മറ്റ് വിഷയങ്ങൾ

തീരുമാനം :

മറ്റ് വിഷയങ്ങളൊന്നും പരിഗണനക്ക് വന്നില്ല.

യോഗം 1.40 PM ന് അവസാനിച്ചു

Sharmilamyoseph

ഡോ. ഷർമിള മേരി ജോസഫ് ഐ.എ.എസ്
ചെയർപേഴ്സൺ, കില എക്സിക്യൂട്ടീവ് കമ്മിറ്റി &
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്